കെ. എസ്. ആർ. ടി. സി.യിലെ പണിമുടക്ക്

*84 [89] ശ്രീമതി റേച്ചൽ സണ്ണി പനവേലി:

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ. എസ്. ആർ. ടി. സി.യിൽ കഴിഞ്ഞ വർഷം ഒക്ടോബറിൽ ഉണ്ടായ പണിമുടക്കിന്റെ ഒത്തു തീർപ്പു വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ബി) അവ പൂർണ്ണമായും നടപ്പിലാക്കിയോ;

(സി) ഇല്ലെങ്കിൽ അവ നടപ്പിലാക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഒത്തുതീർപ്പു വ്യവസ്ഥകൾ താഴെപ്പറയുന്നു.

(1) 18-9-1985-ലെയും 5-10-1985-ലെയും ട്രാൻസ്പോർട്ട് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളുടെ മിനിട്സിലെ വ്യവസ്ഥകൾ ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

(2) 18-9-1985-ലെ മിനിട്സിലെ 5, 7 വ്യവസ്ഥകൾ വകുപ്പു മന്ത്രി പരിശോധിച്ചു പരിഹരിക്കുവാനുള്ള തീയതി 30-10-1985 വരെ നീട്ടുന്നതാണ്.

(3) ദീർഘകാല കരാറിനെക്കുറിച്ചുള്ള ചർച്ച ഉടനെ ആരംഭിക്കുന്നതാണ്.

(4) പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ പ്രതികാര നടപടികൾ ഒന്നും എടുക്കുന്നതല്ല.

(ബി), (സി) ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

പ്രൈവറ്റ് ബസ് കണ്ടക്ടർസിന്റെ ലൈസൻസിനാവശ്യമായ വിദ്യാഭ്യാസ യോഗ്യത

*85 [90] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ് കണ്ടക്ടർസിന്റെ ലൈസൻസിനാവശ്യമായ വിദ്യാഭ്യാസയോഗ്യതയും മറ്റു വിവരങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രൈവറ്റ് ബസ്സുകളിലെ കണ്ടക്ടർമാർക്ക് ലൈസൻസ് നേടാൻ വേണ്ട വിദ്യാഭ്യാസയോഗ്യത നിർണ്ണയിച്ചു കൊണ്ടുള്ള പുതിയ ഉത്തരവുകൾ എന്തെങ്കിലും അടുത്ത കാലത്ത് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ചെളിപ്പെടുത്താമോ;

(ഡി) തൊഴിൽ പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും മുഖാന്തിരം വാങ്ങിയ ബസ്സുകളിലെ കണ്ടക്ടർമാർക്ക് ലഭ്യമാക്കുന്നതിനുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യത അഞ്ചാം ക്ലാസ്സായി നിജപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) പ്രൈവറ്റ് ബസ് കണ്ടക്ടർ ലൈസൻസിനാവശ്യമായ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. കോഴ്സ് പൂർത്തിയാക്കിയിരിക്കുകയോ അല്ലെങ്കിൽ ഒരംഗീകൃത സ്കൂളിൽ നിന്നുള്ള തത്തുല്യ യോഗ്യതയും എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഹാജരായിരിക്കുകയോ, അതല്ലെങ്കിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കുകയോ ആണ്. കൂടാതെ ശാരീരിക യോഗ്യത തെളിയിക്കുന്നതിന് മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന എം. ജി. സി. ഫോറത്തിലുള്ള സർട്ടിഫിക്കറും, പ്രഥമ ശുശ്രൂഷ ജോലിക്കുള്ള കഴിവു സൂചിപ്പിക്കുന്ന എഫ്. എ. ഫോറത്തിലുള്ള സർട്ടിഫിക്കറും ഏറ്റവും പുതിയതായി എടുത്ത ഫോട്ടോഗ്രാഫിന്റെ രണ്ടു പകർപ്പും, വയസ്സും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറും സ്വഭാവ സർട്ടിഫിക്കറുമാണ് ഹാജരാക്കേണ്ട മറ്റു രേഖകളും. ലൈസൻസിനുള്ള അപേക്ഷ ഫീസ് 17 രൂപയാണ്.

(ബി) 1985 സെപ്റ്റംബർ 18-ാം തീയതിയിലെ ജി. ഒ. (പി) 27/85/റവ. ആർ. ഡി. എന്ന ഉത്തരവു പ്രകാരമാണ് മേൽ പ്രസ്താവിച്ച വിദ്യാഭ്യാസ യോഗ്യത നിർണ്ണയിച്ചിട്ടുള്ളത്.

(സി) കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. കോഴ്സ് പൂർത്തിയാക്കിയിരിക്കുകയോ, അല്ലെങ്കിൽ ഒരംഗീകൃത സ്കൂളിൽ നിന്നും തത്തുല്യമായ യോഗ്യതയോ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഹാജരാകുകയോ അതല്ലെങ്കിൽ ഗവൺമെന്റു പ്രഖ്യാപിച്ചിട്ടുള്ള തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) വിദ്യാഭ്യാസപരമായി മുന്നിട്ടു നിൽക്കുന്ന കേരളത്തിൽ ഇപ്പോഴത്തെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യത കുറയ്ക്കുന്നത് ആശാസ്യമല്ല.

മലബാറിലെ സ്വകാര്യ വനഭൂമി പതിച്ചു നൽകാൻ നടപടി

* 86. [91] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:

ഡോക്ടർ കെ. സി. ജോസഫ്:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. എം. അബുബേക്കർ:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ സ്വകാര്യ വനഭൂമി വർഷങ്ങളായി കൈവശം വച്ച് കൃഷി ചെയ്തു വരുന്നവർക്ക് ആ ഭൂമി പതിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly